പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3703 | 17.12.2015 ലെ മറുപടിക്ക് |

## പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ശിവദാസൻ നായർ**<br>**" എം.എ. വാഹീദ്**<br>**" എ.പി. അബ്ദുള്ളക്കുട്ടി**<br>**" എ.റ്റി. ജോർജ്ജ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| എ) പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ-പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;<br><br>ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ആയത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **(എ) യും (ബി) യും**<br>കേരള സംസ്ഥാനത്തിലെ പോലീസ് സേനാംഗങ്ങൾക്ക് ആവശ്യമായി വരുന്ന പുറംരോഗ ചികിത്സയും ആശുപത്രിയിൽ കിടത്തി ചികിത്സയും തുടങ്ങി സർജറിയും മറ്റും വേണ്ടി വരുന്ന അസുഖ പരിപാലനത്തിന് ആധുനികവും ഗുണനിലവാരമുള്ള-തുമായ ചികിത്സാ മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനും ഇൻഷ്വറൻസ് കമ്പനി വഴി സംസ്ഥാനത്തെ വിവിധ ആശുപത്രികളുമായി സഹകരിച്ച് വളരെ വേഗത്തിൽ മതിയായ വിദഗ്ദ്ധ ചികിത്സ നൽകുന്നതിനോടൊപ്പം അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബത്തിനും/ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മതിയായ ധനസഹായം ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പോളിസിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പോളി-സിക്ക് ആവശ്യമായ ടെൻഡർ ക്ഷണി-ക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്. |

| | |
|---|---|
| സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) പ്രസ്തുത പദ്ധതിക്ക് 01.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് നം. 20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതു പ്രകാരം 20 കോടി ചെലവ് വരുന്ന പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ